പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.5305 — 26/03/2018 -ൽ മറുപടിക്ക്

## സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പ്രൊഫ.സി.രവീന്ദ്രനാഥ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വയംഭരണ കോളേജുകൾക്ക് പുതിയ കോഴ്സുകൾ ആരംഭിക്കാൻ സർവ്വകലാശാലകളുടെ അംഗീകാരമോ അനുമതിയോ ആവശ്യമില്ലെന്ന യു.ജി.സി. തീരുമാനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതു സംബന്ധിച്ച യു.ജി.സി. യുടെ പുതിയ ഗസറ്റ് വിജ്ഞാപനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത വിജ്ഞാപനം വഴി സ്വയംഭരണ കോളേജുകളിൽ നിലവിലുള്ള പഠന ബോർഡുകൾ, അക്കാദമിക് കൗൺസിൽ, ഗവേണിംഗ് കൗൺസിൽ എന്നിവയുടെ മാത്രം അനുമതിയോടെ കോഴ്സുകൾ ആരംഭിക്കാമോ;<br><br>(ഡി) എങ്കിൽ ഏതൊക്കെ കോഴ്സുകൾ ഈ നിലയിൽ ആരംഭിക്കാം എന്നാണ് വിജ്ഞാപനത്തിൽ വ്യക്തമാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) യും (ഡി) യും 2018 ഫെബ്രുവരിയിൽ യു.ജി.സി, പുറപ്പെടുവിച്ച 'Conferment of Autonomous Status Upon Colleges and Measures for Maintenance of Standards in Autonomous Colleges Regulation', 2018ലെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച 10-ാം നമ്പർ വ്യവസ്ഥയിൽ ബന്ധപ്പെട്ട സ്വയംഭരണ കോളേജിന്റെ സ്റ്റാറ്റ്യൂട്ടറി ബോഡിയുടെയും, അക്കാദമിക് കൗൺസിലിന്റെയും അനുമതിയോടെ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾ 2014ലെ UGC Notification on specification of Degrees ന്റെയും ആയതിന്റെ കാലാകാലങ്ങളിലുള്ള ഭേദഗതിയുടെയും അടിസ്ഥാനത്തിലുള്ള കോഴ്സുകളായിരിക്കണമെന്നും ടി റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ പ്രസ്തുത കോഴ്സുകൾക്ക് യു.ജി.സി, നിഷ്കർഷിച്ചിരിക്കുന്ന പഠന കാലയളവ്, കരിക്കുലം, ഗുണമേന്മ എന്നിവ ഉണ്ടായിരിക്കണമെന്നും പ്രസ്തുത കോഴ്സ് തുടങ്ങുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സർവ്വകലാശാലയെ യഥാസമയം അറിയിച്ചിരിക്കണമെന്നും ടി റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ സ്വയംഭരണ കോളേജിന്റെ അക്കാദമിക് കൗൺസിലിന്റെ അനുമതിയോടെ യു.ജി.സി വ്യവസ്ഥകൾ പ്രകാരം കോഴ്സുകൾക്ക് പുനർനാമകരണം ചെയ്യുവാനും ടി റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. |

എന്നാൽ നിലവിൽ UNIVERSITY LAWS (THIRD AMENDMENT) ACT 2014ലെ വ്യവസ്ഥകൾ അനുസരിച്ചാണ് സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളിൽ കോഴ്സുകൾ ആരംഭിക്കുന്നത്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം സർവ്വകലാശാലകളുടെ അറിവോട്ടുകൂടിയല്ലാതെ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സ്വയംഭരണ കോളേജുകൾക്ക് സ്വാതന്ത്ര്യം നൽകുന്നില്ല.

നോഡൽ ഓഫീസർ